**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 14.04.2026**

## പ്രധാനവാർത്തകൾ

1. ഭരണഘടനാശില്പി ഡോ. ബി.ആർ അംബേദ്കർക്ക് ആദരം അർപ്പിച്ച് രാഷ്ട്രം; ജന്മവാർഷികദിനത്തിൽ രാജ്യമെങ്ങും ആഘോഷപരിപാടികൾ.

2. രാജ്യത്തിൻറെ സാംസ്കാരിക വൈവിധ്യം വിളിച്ചോതുന്ന വിഷു, ബൈശാഖി അടക്കമുള്ള ആഘോഷവേളകളിൽ ആശംസകൾ നേർന്ന് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും.

3. സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തുന്ന സാഹചര്യത്തിൽ ജാഗ്രതാ നിർദേശം പുറപ്പെടുവിച്ച് കാലാവസ്ഥ വകുപ്പ്.

4. ബിഡിഎസ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണം വേദനയുളവാക്കുന്നതായും ജാതി വിവേചനത്തിനെതിരെ ഒരുമിച്ച് നിൽക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.

5. അഗ്നിശമന സേനാംഗങ്ങളുടെ സമർപ്പിത സേവനങ്ങൾക്കുള്ള അംഗീകാരമായി ഇന്ന് അഗ്നിശമന സേനാദിനം.

6. ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് - കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

******************************

PNU TVPM

## അംബേദ്കർ ജയന്തി-

ഇന്ന് ബാബാസാഹിബ് ഡോ. ബി.ആർ അംബേദ്കറുടെ ജന്മവാർഷികദിനം. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവ അടിസ്ഥാനമാക്കിയുള്ള സമൂഹസൃഷ്ടിയായിരുന്നു അംബേദ്കറുടെ ദർശനം. ഭരണഘടനയുടെ രൂപകൽപ്പനയിൽ അദ്ദേഹം വഹിച്ച പങ്ക് ഇന്ത്യൻ ജനാധിപത്യത്തിന് അടിത്തറ പാകി. ഗുജറാത്ത് ലോക്ഭവനിൽ സംഘടിപ്പിച്ച ചടങ്ങിൽ ഡോ. അംബേദ്കറുടെ ഛായാചിത്രത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു പുഷ്പാർച്ചന നടത്തി. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, രാജ്യസഭയിലെ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെ, കേന്ദ്ര മന്ത്രിമാർ, പാർലമെൻ്റ് അംഗങ്ങൾ തുടങ്ങിയവർ പാർലമെന്റ് വളപ്പിലെ പ്രേരണ സ്ഥലിൽ അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു.

PNU TVPM

******************************

## അംബേദ്കർ ജയന്തി - ലോക് ഭവൻ

അംബേദ്കർ ജയന്തിയോടനുബന്ധിച്ച് കേരള ലോക് ഭവനിൽ സംഘടിപ്പിക്കുന്ന പരിപാടിയെ ഹൈക്കോടതി ജഡ്ജി, ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, അഭിസംബോധന ചെയ്യും. വൈകിട്ട് നാല് മണിക്ക് നടക്കുന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അധ്യക്ഷനാകും. നിയമസഭാ സമുച്ചയത്തിലെ അംബേദ്കർ പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പുഷ്പാർച്ചന നടത്തി. ആകാശവാണി തിരുവനന്തപുരം നിലയത്തിൽ അംബേദ്കർ ജയന്തിയോടനുബന്ധിച്ച് പരിപാടി സംഘടിപ്പിച്ചു. ചടങ്ങിൽ നിലയം മേധാവി A.G ബൈജു മുഖ്യപ്രഭാഷണം നടത്തി.

******************************

## ആശംസ സന്ദേശം

രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ തുടങ്ങിയവർ ജനങ്ങൾക്ക് ബൈശാഖി, വിഷു ആശംസകൾ നേർന്നു. രാജ്യത്തിന്റെ വിവിധ ഇടങ്ങളിൽ പല പേരുകളിൽ ആഘോഷിക്കുന്ന കൊയ്ത്തുത്സവം സമ്പന്നമായ സാംസ്കാരിക കാർഷിക വൈവിധ്യത്തിന്റെ തെളിവാണെന്നും അന്നദാതാക്കളായ കർഷകരെ ആദരിക്കുന്നതിനുള്ള അവസരമാണും രാഷ്ട്രപതി ആശംസ സന്ദേശത്തിൽ പറഞ്ഞു. ഏക ഭാരതം ശ്രേഷ്ഠ ഭാരതം എന്ന കാഴ്ചപ്പാടിന്റെ പ്രതിഫലനമാണ് ഈ ഉത്സവങ്ങൾ എന്ന് ഉപരാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു.

*******************************

## ഗുരുവായൂർ വിഷു ( ഇൻട്രോ )

വിഷുക്കണി ദർശനത്തിന് ഒരുങ്ങി ഗുരുവായൂർ ക്ഷേത്രം. നാളെ പുലർച്ചെ ഒരു മണിക്കൂർ ആണ് കണി കാണാൻ അവസരമുള്ളത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്..**

**( വോയിസ്...)**

RIJU TVPM

*******************************

## ശബരിമല

ശബരിമലയിൽ നാളെ പുലർച്ചെ നാലു മുതൽ ഏഴു മണി വരെ വിഷുക്കണി ദർശനം. ഇന്ന് രാത്രി അത്താഴപൂജയ്ക്ക് ശേഷം തന്ത്രിയും മേൽശാന്തിയും ചേർന്ന് വിഷുക്കണിയൊരുക്കും. വിഷുകണി ദർശനത്തിനെത്തുന്ന തീർത്ഥാടകർക്ക് കൈനീട്ടവും നൽകും. തിരക്ക് കണക്കിലെടുത്ത് സന്നിധാനത്ത് കർശന സുരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

*****************************

## പാലക്കാട് വിഷു (ഇൻട്രോ)

തളർത്തുന്ന ചൂടിലും പാലക്കാട്, വിഷു വിപണി സജീവമാണ്. കൂടിയ ചൂടും വർദ്ധിച്ച വിലയും ഒന്നും വകവെയ്ക്കാതെ വില്പനകേന്ദ്രങ്ങളിലെല്ലാം നല്ല തിരക്കാണ് അനുഭവപ്പെടുന്നത്.

**ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്......**

(വോയ്സ്)

*****************************

## കാലാവസ്ഥ

സംസ്ഥാനത്ത് കഴിഞ്ഞ 24 മണിക്കൂറിൽ വിവിധയിടങ്ങളിൽ ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പാലക്കാട് തൃത്താല, മലപ്പുറം പൊന്നാനി , ഇടുക്കി മൂന്നാർ, പത്തനംതിട്ട കോന്നി എന്നിവിടങ്ങളിലാണ് അൾട്രാവയലറ്റ് സൂചിക ഏറ്റവും ഉയർന്ന തോതിൽ രേഖപ്പെടുത്തിയത്. ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ സുരക്ഷാ മുൻകരുതലുകൾ സ്വീകരിയ്ക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പിൽ പറയുന്നു. പകൽ 10 മണി മുതൽ 3 മണി വരെ വെയിലേൽക്കുന്നത് ഒഴിവാക്കുക. ഉയർന്ന ചൂടിന് സാധ്യതയുള്ളതിനാൽ 12 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. പാലക്കാട് താപനില 40 ഡിഗ്രി സെൽഷ്യസ് കടക്കാനും സാധ്യതയുണ്ട്.

RNU TVPM

*****************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

******************************

## കപ്പലുകൾ വിന്യസിച്ചു

ഇറാൻറെ തുറമുഖങ്ങൾ ഉപരോധിക്കുന്നതിൻറെ ഭാഗമായി, വിമാനവാഹിനിക്കപ്പലായ USS എബ്രഹാം ലിങ്കൺ ഉൾപ്പെടെ 15 നാവിക കപ്പലുകൾ അമേരിക്ക വിന്യസിച്ചു. രണ്ടാഴ്ചത്തെ വെടിനിർത്തൽ അവസാനിക്കുന്നതിന് മുമ്പ് ഇറാൻ കരാറിന് സന്നദ്ധമായില്ലെങ്കിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് ട്രംപ് മുന്നറിയിപ്പ് നൽകി. സമ്പുഷ്ടീകരിച്ച യുറേനിയം ഇറാനിൽ സൂക്ഷിക്കാൻ അനുവദിക്കിക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു.

******************************

## പ്രധാനമന്ത്രി - ഉത്തരാഖണ്ഡ്

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉത്തരാഖണ്ഡ് സന്ദർശിക്കും. ഡൽഹി-ഡെറാഡൂൺ സാമ്പത്തിക ഇടനാഴി പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. 213 കിലോമീറ്റർ ദൈർഘ്യമുള്ള ഇടനാഴി 12,000 കോടിയിലധികം രൂപ ചെലവഴിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. ആറ് വരി ഇടനാഴി യാഥാർത്ഥ്യമാകുന്നതോടെ ഡൽഹി - ഡെറാഡൂൺ യാത്രാ സമയം രണ്ടര മണിക്കൂറായി കുറയും. വന്യജീവി ഇടനാഴിയുടെ അവലോകനം നടത്തുന്ന അദ്ദേഹം ഡെറാഡൂണിലെ ജയ് മാതാ കാളി ക്ഷേത്രവും സന്ദർശിക്കും.

RNUTVPM

******************************

## നാരീ ശക്തി വന്ദൻ അധിനിമ

നയരൂപീകരണത്തിലും തീരുമാനമെടുക്കൽ പ്രക്രിയകളിലും വനിതകൾ സജീവ പങ്കാളിത്തം വഹിക്കുമ്പോൾ, വികസിത ഭാരതം സാക്ഷാത്ക്കരിക്കാനുള്ള പ്രയാണം ശക്തിപ്പെടുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ മാസം 16 ന്, നാരീ ശക്തി വന്ദൻ

അധിനിയമുമായി ബന്ധപ്പെട്ട സുപ്രധാന ഭരണഘടനാ ഭേദഗതി ചർച്ച ചെയ്ത് പാസാക്കാൻ പാർലമെന്റ് ചേരുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിന് സംഭാവന നൽകാൻ അവസരം ലഭിച്ചതിൽ രാജ്യമെമ്പാടുമുള്ള വനിതകൾ സന്തോഷം പ്രകടിപ്പിക്കുന്നതായും അദ്ദേഹം അറിയിച്ചു.

*****************************

## നിതിന്‍രാജ് - അന്വേഷണം

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജിലെ ബി.ഡി.എസ്. വിദ്യാർഥി നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട് തലശ്ശേരി സബ് കളക്ടറുടെ നേതൃത്വത്തിൽ കോളേജിൽ തെളിവെടുപ്പ് നടത്തി. പ്രിൻസിപ്പലിൽ നിന്നും അധ്യാപകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നുമാണ് തെളിവെടുപ്പ് നടത്തിയത്.

*****************************

## മുഖ്യമന്ത്രി - നിതിൻരാജ്

തിരുവനന്തപുരം ഉഴമലക്കൽ സ്വദേശിയായ ബിഡിഎസ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണം അത്യന്തം വേദനയുളവാക്കുന്ന സംഭവമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പുരോഗമന കേരളത്തിന് അംഗീകരിക്കാനാകാത്ത വാർത്തകളാണ് മരണവുമായി ബന്ധപ്പെട്ട് പുറത്തുവരുന്നതെന്നും ജാതി വിവേചനമുൾപ്പെടെയുള്ള പ്രവണതകൾക്കെതിരെ ഒരുമിച്ച് നിൽക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

*****************************

## അഗ്നിശമനസേനാ ദിനം (ഇൻട്രോ)

ഇന്ന് ദേശീയ അഗ്നിശമന സേനാ ദിനം. സ്വന്തം ജീവൻ പണയപ്പെടുത്തി മറ്റുള്ളവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന അഗ്നിശമന സേനാംഗങ്ങളുടെ സേവനങ്ങളെ

ആദരിക്കുന്നതിനും, ഈ രംഗത്ത് വീരമൃത്യു വരിച്ചവർക്ക് പ്രണാമം അർപ്പിക്കുന്നതിനുമാണ് ദിനാചരണം. 2024 ജൂലൈയിൽ തിരുവനന്തപുരം ആമയിഴഞ്ചാൻ തോട്ടിൽ ശുചീകരണത്തൊഴിലാളി ജോയിയെ കണ്ടെത്താൻ രക്ഷാപ്രവർത്തനം നടത്തിയ സ്കൂബാ ഡൈവിംഗ് സംഘത്തിലെ അംഗം സുഭാഷ് കെ ബി ആകാശവാണി വാർത്തകളോട്....

( വോയിസ്....)

******************************

## ഐപിഎൽ ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് - കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. രാത്രി 7:30 ന് ചെന്നൈയിലാണ് മത്സരം.

******************************

## മരണം

കോഴിക്കോട് മുഴിക്കലിൽ ആൺകുട്ടിയേയും പെൺകുട്ടിയേയും മരിച്ച നിലയിൽ കണ്ടെത്തി. സംഭവത്തിൽ ചേവായൂർ പോലീസ് അന്വേഷണം ആരംഭിച്ചു. 16 കാരിയേയും 20 കാരനേയുമാണ് മരിച്ച നിലയിൽ കണ്ടെത്തിയത്.

******************************

## തീപിടുത്തം-ആലപ്പുഴ

ആലപ്പുഴ തുറവൂർ താലൂക്ക് ആശുപത്രിയിൽ തീപിടുത്തം. ആശുപത്രി കെട്ടിടത്തിന്റെ മൂന്നാം നിലയിലെ മരുന്നുകൾ സൂക്ഷിച്ച ഗോഡൗണിലാണ് തീപിടുത്തം ഉണ്ടായത്. തീപിടുത്തത്തെ തുടർന്ന് രോഗികളെ ചേർത്തല താലൂക്ക് ആശുപത്രിയിലേക്ക് മാറ്റി. ആർക്കും കാര്യമായ പരിക്കില്ല. എ

RNU TVPM

സിയിൽ നിന്ന് ഉണ്ടായ ഷോർട്ട് സർക്യൂട്ട് ആണ് തീപിടുത്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം.

******************************

## പാചകവാതക സിലണ്ടറുകൾ

കരിഞ്ചന്തയിൽ വിൽക്കാൻ അനധികൃതമായി സൂക്ഷിച്ചിരുന്ന 38 വാണിജ്യ പാചകവാതക സിലണ്ടറുകൾ കൊല്ലം കല്ലുവാതുക്കൽ നിന്ന് സിവിൽ സപ്ലൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് പിടിച്ചെടുത്തു. ഇവ ചാത്തന്നൂരിലെ ഗ്യാസ് ഏജൻസി ഗോഡൗണിലേക്ക് മാറ്റി.

******************************

## തമിഴ്നാട് - മാസപ്പിറവി

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വിളവെടുപ്പ് ഉത്സവങ്ങൾക്ക് തുടക്കമായി. തമിഴ്നാട്ടിൽ ചിത്തിര മാസപ്പിറവിയായ ഇന്ന് പുതുവത്സരം ആഘോഷിക്കുന്നു. തമിഴ് പുത്താണ്ടിൽ പൂക്കളും ഇലകളും കൊണ്ടുള്ള തോരണങ്ങളും രംഗോലിയും ഇട്ട് ആളുകൾ വീടുകൾ അലങ്കരിക്കുകയും ക്ഷേത്ര ദർശനം നടത്തുകയും ചെയ്യു.

RNU TVPM

**********************************************************************
**************************************************